DESPATCHED
On..04/03/2020

10/02/2020

സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
തിരുവനന്തപുരം 695 001
ഫോൺ: 0471 2335199, ഫാക്സ്: 0471 2330920
E-mail: sic@kerala.nic.in

## ഹർജി നമ്പർ **CP No.1065(6)/2015**/*എസ്.ഐ.സി.*

തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം

(ഫയൽ നം.*13244/എസ്.ഐ.സി–ജി 5/2015*)

സന്നിഹിതൻ

ശ്രീ. വിൻസൻ എം. പോൾ, മുഖ്യ വിവരാവകാശ കമ്മീഷണർ

ശ്രീ. കെ.കെ. ഭാസ്ക്കരൻ,
അഞ്ജലി, കണ്ടക്കൈ പി.ഒ.,
മയ്യിൽ, കണ്ണൂർ –670 602 } പരാതി ഹർജിക്കാരൻ

Vs

സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ,
ജില്ലാ ആശുപത്രി, കണ്ണൂർ } എതിർകക്ഷി

| | |
|---|---|
| 6(1) അപേക്ഷ നൽകിയ തീയതി | 27.06.2015 |
| മറുപടി ലഭ്യമാക്കിയ തീയതി | 14.07.2015 |
| പരാതി ഹർജി നൽകിയ തീയതി | 07.08.2015 |
| കമ്മീഷനിൽ പരാതി ഹർജി ലഭ്യമായ തീയതി | 10.08.2015 |
| കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | 24.08.2015 |
| മേൽ പ്രകാരമുള്ള റിപ്പോർട്ട് ലഭിച്ച തീയതി | – |
| ഹിയറിംഗ് തീയതി & സ്ഥലം | 10.02.2020 & വീഡിയോ കോൺഫറൻസ് ഹാൾ, കണ്ണൂർ കളക്ടറേറ്റ് |
| ഹിയറിംഗിലെ സാന്നിദ്ധ്യം<br>എതിർകക്ഷി<br>പരാതി ഹർജിക്കാരൻ | <br>ഹാജരായി<br>ഹാജരായില്ല |

## ഉത്തരവ്

പരാതി ഹർജിക്കാരനായ ശ്രീ. കെ.കെ. ഭാസ്ക്കരൻ, കമ്മീഷൻ മുമ്പാകെ സമർപ്പിച്ച പരാതി ഹർജിയിൽ ബോധിപ്പിച്ചത്, തളിപ്പറമ്പ വെക്ടർ കൺട്രോൾ യൂണിറ്റ് ബയോളജിസ്റ്റ് കണ്ണൂർ ജില്ലാ മെഡിക്കൽ ഓഫീസിന്റെ കീഴിലാണ് ജോലി ചെയ്യുന്നതെന്നും ആയതിനാൽ ടിയാൻ ആവശ്യപ്പെട്ട വിവരങ്ങൾ കണ്ണൂർ ജില്ലാ

മെഡിക്കൽ ഓഫീസിൽ നിന്നും നൽകേണ്ടതായിരുന്നുവെന്നും ആയതിനു പകരം കണ്ണൂർ ജില്ലാ ആശുപത്രിയിൽ നിന്നും നൽകിയ മറുപടി അപൂർണ്ണവും തെറ്റിദ്ധരിപ്പിക്കുന്നതാണെന്നുമാണ്.

2. എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ ഹർജിക്കാരൻ പ്രസ്താവിച്ചത്, ടിയാൻ 22.06.2015 തീയതി കണ്ണൂർ ജില്ലാ ആശുപത്രിയിൽ ടിയാന്റെ രക്തപരിശോധനക്കായി പോയിരുന്നുവെന്നും ആയതു സംബന്ധിച്ച് താഴെപ്പറയുന്ന വിവരങ്ങൾ നൽകണമെന്നുമാണ്:

i. ടിയന്റെ രക്തം പരിശോധനക്കായി എന്ന്, ഏതു സമയം ശേഖരിച്ചുവെന്നും

ii. ആയതിന്റെ ഫലം എന്തായിരുന്നു എന്നുമാണ്

3. ജില്ലാ മെഡിക്കൽ ഓഫീസിലെ എസ്.പി.ഐ.ഒ. ഹർജിക്കാരന് നൽകിയ മറുപടിയിൽ അറിയിച്ചത്, ഹർജിക്കാരൻ ആവശ്യപ്പെട്ട വിവരങ്ങൾ ടി ഓഫീസിൽ ലഭ്യമല്ലാത്തതിനാൽ ആ വിവരങ്ങൾ നേരിട്ട് നൽകുന്നതിനായി ഹർജിക്കാരന്റെ അപേക്ഷയുടെ പകർപ്പ് കണ്ണൂർ ജില്ലാ ആശുപത്രിയിലെ എസ്.പി.ഐ.ഒ.ക്ക് അയച്ചു നൽകിയിട്ടുണ്ടെന്നാണ്. തുടർന്ന് കണ്ണൂർ ജില്ലാ ആശുപത്രി എസ്.പി.ഐ.ഒ. ഹർജിക്കാരന് നൽകിയ മറുപടിയിൽ അറിയിച്ചത്, തളിപ്പറമ്പ ഡിസ്ട്രിക്ട് കൺട്രോൾ യൂണിറ്റ് ബയോളജിസ്റ്റ് നിയോഗിക്കുന്ന ഉദ്യോഗസ്ഥൻ എല്ലാ തിങ്കളാഴ്ചയും ജില്ലാ ആശുപത്രി കണ്ണൂരിൽ നിന്നും മൈക്രോ ഫൈലേറിയ ടെസ്റ്റിനായി രക്ത സാമ്പിളുകൾ സ്വീകരിക്കുന്നുണ്ടെന്നും എന്നാൽ ടെസ്റ്റിന്റെ പരിശോധന ഫലം നൽകുന്നത് മേൽപ്പറഞ്ഞ സ്ഥാപനം തന്നെയാണെന്നും ആയതിനാൽ പരിശോധന ഫലത്തിനായി ടിയാൻ തളിപ്പറമ്പ ജില്ലാ വെക്ടർ കൺട്രോൾ യൂണിറ്റുമായി ബന്ധപ്പെടേണ്ടതാണെന്നുമാണ്.

4. പരാതി ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിൽ, ഹർജിക്കാരൻ ആവശ്യപ്പെട്ട വിവരം ജില്ലാ മെഡിക്കൽ ഓഫീസിൽ ലഭ്യമായിരുന്നില്ല എന്നും ആയതിനാലാണ് ഹരജിക്കാരന്റെ അപേക്ഷയുടെ പകർപ്പ് കണ്ണൂർ ജില്ലാ ആശുപത്രിയിലേക്ക് അയച്ചു കൊടുത്തിരുന്നതെന്നും ആയതു പ്രകാരം കണ്ണൂർ ജില്ലാ ആശുപത്രിയിൽ ലഭ്യമായ വിവരങ്ങളാണ് ഹർജിക്കാരന് നൽകിയിരുന്നത് എന്നും കാണുന്നു. ആയതിനാൽ ടി എതിർകക്ഷികൾ നൽകിയിട്ടുളള മറുപടികളിൽ കമ്മീഷൻ വിവരാവകാശ നിയമ പ്രകാരം അപാകതകളൊന്നും കാണുന്നില്ല.

ആയതിനാൽ ഈ പരാതി ഹർജിയിൽ മറ്റു നടപടികൾ ആവശ്യമില്ല എന്നു വിലയിരുത്തി, ഈ പരാതി ഹർജി ഇന്നേ ദിവസം 2020, ഫെബ്രുവരി 10-ാം തീയതി കമ്മീഷൻ തീർപ്പാക്കുന്നു.

(ഒപ്പ്)

വിൻസൻ എം. പോൾ
മുഖ്യ വിവരാവകാശ കമ്മീഷണർ

STATE INFORMATION COMMISSION
KERALA, THIRUVANANTHAPURAM

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

അഡീഷണൽ സെക്രട്ടറി (നിയമം)

dp